അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (AITI)
ഇളമ്പൽ.പി.ഒ,പുനലൂർ. കൊല്ലം ജില്ല.
(കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളത്)

# ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചർ മെഷിനറീസ് കോഴ്സിലേയ്ക്ക്പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്

(ഗവൺമെന്റ് അംഗികൃത കെ.ജി.സി.ഇ കോഴ്സ്)

(2017–19)

**<u>ആമുഖം:</u>**

1. കേരള അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന കേരള ഗവൺമെന്റ് അംഗികൃത കെ.ജി.സി.ഇ ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രി ക്കൾച്ചർ മെഷിനറീസ് എന്ന കോഴ്സിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച വിവ രങ്ങളും നിബന്ധനകളും ഉൾക്കൊള്ളുന്നതാണ് പ്രോസ്പെക്ടസ്. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പായി ഈ പ്രോസ്പെക്ടസ് ശ്രദ്ധാപൂർവ്വം വായിച്ചിരിക്ക ണം.
2. കോഴ്സിനെ സംബന്ധിച്ച് :-
   ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചർ മെഷിനറീസ്.
   കാലാവധി ര ് വർഷം
   പ്രവൃത്തി ദിവസം : തിങ്കൾ മുതൽ ശനി വരെ
   പ്രവൃത്തി സമയം : 10 AM to 4 PM, ഉച്ചയ്ക്ക് 1/2 മണിക്കൂർ ബ്രേക്ക്.
3. പ്രവേശനത്തിനുള്ള യോഗ്യത :- പത്താം തരം പാസ്സായിരിക്കണം.
4. പ്രായ പരിധി :- 30.06.2017 -ൽ 15 വയസ്സ് പൂർത്തിയായവരും 25 വയസ്സ് കവിയാത്തവരും.
5. നേറ്റിവിറ്റി : ഇൻഡ്യൻ പൗരത്വമുള്ള അപേക്ഷാർത്ഥികളെ മാത്രമേ പ്രവേശന ത്തിന് പരിഗണിക്കുകയുള്ളൂ.
6. പ്രവേശനം സംബന്ധിച്ച് :-
   ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചർ മെഷിനറീസ് കോഴ്സിലേ യ്ക്കുള്ള പ്രവേശനത്തിന് യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക്/ഗ്രേഡിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഈ റാങ്ക് ലിസ്റ്റിൽ നിന്നായി രിക്കും പ്രസ്തുത കോഴ്സിലേയ്ക്കുള്ള അഡ്മിഷൻ.
7. സീറ്റുകളുടെ സംവരണം :-
   കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള സർക്കാർ ഉത്തരവിലെ തത്വങ്ങൾക്കനുസൃതമായി നിർദ്ദേശാനുസൃത സംവരണം നൽകുന്നതാണ്.
8. സംവരണത്തിന് അർഹതയുള്ള വിദ്യാർത്ഥികൾ അപേക്ഷയിൽ യഥാസ്ഥാനത്ത് അവകാശവാദം രേഖപ്പെടുത്തേ താണ്. അപേക്ഷ സമർപ്പിച്ച ശേഷം ഉന്നയി ക്കുന്ന അവകാശവാദം തെളിവുകൾ ഹാജരാക്കിയാലും പരിഗണിക്കുന്നതല്ല.
9. അപേക്ഷിക്കേ വിധം :- താൽപ്പര്യമുള്ള യോഗ്യരായ അപേക്ഷകർ ഇതോടൊ പ്പമുള്ള അപേക്ഷാഫോം കോർപ്പറേഷന്റെ ജില്ലാ ഓഫീസുകളിൽ നിന്നോ, **AITI,**

പുനലൂരിൽ നിന്നോ വാങ്ങി തെറ്റു കൂടാതെ എല്ലാ കോളങ്ങളും പൂരിപ്പിച്ച് അപേക്ഷാഫീസിനൊപ്പം താഴെ പറയുന്ന മേൽവിലാസത്തിൽ 20.06.2017, 5.00 PM ന് മുമ്പായി സമർപ്പിക്കേ   താണ്.

**പ്രിൻസിപ്പാൾ,**
**അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്,**
**ഇളമ്പൽ.പി.ഒ, പുനലൂർ, കൊല്ലം - 691 322**

10. അപേക്ഷാഫീസ് :- അപേക്ഷാഫീസ് താഴെ പറയുന്ന വിധമാണ്.

    ജനറൽ കാറ്റഗറി : 100 രൂപ

    എസ്.സി/എസ്.റ്റി കാറ്റഗറി : 50 രൂപ

    അപേക്ഷാഫീസ് കെയ്കോയുടെ 14 ജില്ലാ ഓഫീസുകളിലും, ഹെഡ് ഓഫീസിലും, **AITI** -യിലും നേരിട്ട് അടയ്ക്കാവുന്നതാണ്. അല്ലെങ്കിൽ മാനേജിംഗ് ഡയറക്ടർ, കെയ്കോ, എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അപേക്ഷാഫീസ് അടയ്ക്കാവുന്നതാണ്.

11. സീറ്റുകളുടെ എണ്ണം :- ആകെ സീറ്റ് 40.

12. SSLC യുടെ മെരിറ്റ് തീരുമാനിക്കുന്നത് ഗ്രേഡിന് നൽകുന്ന പോയിന്റ് അനുസരിച്ചായിരിക്കും.

13. കോഴ്സ് ഫീസ് :- 2 വർഷത്തേയ്ക്ക്

    ആകെ ഫീസ് :- 30,000/- രൂപ

    വാർഷിക ഫീസ് :- 15,000 രൂപ/-

    പ്രവേശനഫീസ് :- 500/- രൂപ.

    കോഷൻ ഡിപ്പോസിറ്റ് :- 1,000/- രൂപ

    വാർഷിക ഫീസ് മൂന്ന് തവണകളായി അടയ്ക്കാവുന്നതാണ്. ആദ്യഗഡു 5,000/- രൂപ പ്രവേശന സമയത്ത് അടയ്ക്കേ   താണ്. ര   ാം ഗഡു 5,000/- രൂപ ഡിസംബർ ആദ്യവാരത്തിലും മൂന്നാം ഗഡു 5,000/- രൂപ മാർച്ച് ആദ്യ വാരത്തിലും അടയ്ക്കേ   താണ്. നിശ്ചിത സമയത്തിനുള്ളിൽ ഫീസ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന വിദ്യാർത്ഥികളിൽ നിന്നും പിഴ ഈടാക്കുന്നതാണ്.

14. ഫീസ് തിരികെ നൽകുന്നത് സംബന്ധിച്ച് :- അഡ്മിഷൻ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. പ്രവേശനം നേടിയതിനു ശേഷം മറ്റ് കോഴ്സുകളിൽ ചേരാനായോ അല്ലെങ്കിൽ മറ്റ് ആവശ്യങ്ങൾക്കോ പഠനം

ഇടയ്ക്കു വച്ച് നിർത്തി പോകുന്ന വിദ്യാർത്ഥികളിൽ നിന്നും ശേഷിക്കുന്ന വർഷങ്ങളിലെ ഫീസ് ഒറ്റ തവണയായി ഈടാക്കുന്നതാണ്. ഇത്തരത്തിൽ ഫീസ് നൽകിയാൽ മാത്രമേ മേൽപ്പറഞ്ഞ വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

15. അപേക്ഷയോടൊപ്പം ഹാജരാക്കേ രേഖകൾ :-

അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യേ താണ്.

- ജനനതീയതി തെളിയിക്കുന്നതിനുള്ള രേഖകൾ (ജനന സർട്ടിഫിക്കറ്റ്/ SSLC സർട്ടിഫിക്കറ്റ്)
- യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്/സർട്ടിഫിക്കറ്റ്
- അപേക്ഷാഫീസ് അടച്ചതിന്റെ രസീത് / അല്ലെങ്കിൽ അപേക്ഷാഫീസിന ത്തിനുള്ള ഡിമാന്റ് ഡ്രാഫ്റ്റ്.

അപേക്ഷയോടൊപ്പം മേൽപ്പറഞ്ഞ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

16. അപേക്ഷ സമർപ്പിച്ചതിനു ശേഷം ഹാജരാക്കുന്ന രേഖകൾ യാതൊരു കാരണവ ശാലും പരിഗണിക്കുന്നതല്ല. അപേക്ഷ സമർപ്പിച്ചതിനുശേഷം മറ്റേതെങ്കിലും വിവരങ്ങൾ ഉൾപ്പെടുത്താൻ അവസരം നൽകുന്നതല്ല.

17. റാങ്ക് ലിസ്റ്റ് തയ്യാറായാൽ അത് www.keralaagro.com എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്. അതോടൊപ്പം അഡ്മിഷൻ തീയതിയും പ്രസിദ്ധീകരിക്കുന്ന തായിരിക്കും. റാങ്ക് ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള അപേക്ഷാർത്ഥികൾ അഡ്മിഷൻ സമയത്ത് കൃത്യമായി ഹാജരാകുകയും താഴെ പറയുന്ന രേഖകളുടെ അസ്സൽ സമർപ്പിക്കുകയും ചെയ്യേ താണ്.

**<u>അഡ്മിഷൻ സമയത്ത് ഹാജരാക്കേ രേഖകൾ</u>**

1. ജനനതീയതി തെളിയിക്കാനുള്ള ഒറിജിനൽ രേഖ
2. വിടുതൽ സർട്ടിഫിക്കറ്റ് (TC)
3. സ്വഭാവ സർട്ടിഫിക്കറ്റ്
4. യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്/സർട്ടിഫിക്കറ്റ്
5. ഫീസ് അടച്ച രസീത്
6. ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (സംവരണംഉള്ളവിഭാഗത്തിന്)
7. പാസ്പോർട്ട് സൈസ് ഫോട്ടോ മൂന്ന് എണ്ണം

18. തെറ്റായ വിവരങ്ങൾ നൽകുന്ന അപേക്ഷകന് അയോഗ്യത കൽപ്പിക്കപ്പെടാനിട വരുത്തും. കൂടാതെ, കോഴ്സിലേയ്ക്കുള്ള പ്രവേശനം റദ്ദാക്കപ്പെടുന്നതും ആണ്. അപേക്ഷാർത്ഥി നൽകിയ ഏതെങ്കിലും വിവരമോ അപേക്ഷയോടൊപ്പം സമർപ്പിച്ച ഏതെങ്കിലും രേഖയോ വ്യാജമെന്നു കാണുകയോ, പ്രവേശനത്തി നുള്ള അയോഗ്യത പ്രവേശനത്തിനു മുമ്പോ പിമ്പോ ക   ുപിടിക്കപ്പെടുകയോ ചെയ്താൽ അപേക്ഷകന് പ്രവേശനം നൽകിയിട്ടുള്ള പക്ഷം അത് റദ്ദാക്കുന്നതു മായിരിക്കും.

മാനേജിംഗ് ഡയറക്ടർ